# Deepika

## 27 August 2018

## Kochi; Fishermen were given a Reception

# മത്സ്യത്തൊഴിലാളികൾക്ക് സ്വീകരണം നൽകി

**കൊച്ചി:** പ്രളയക്കെടുതിയിൽപ്പെട്ട പറവൂർ, കോട്ടപ്പുറം, ഗോതുരുത്ത് മേഖലകളിൽ നിരവധി ജീവനുകൾ രക്ഷിച്ച മത്സ്യത്തൊഴിലാളികൾക്ക് കൊച്ചിൻ കോളജ് അലുംനി അസോസിയേഷന്റെ ആഭിമുഖ്യത്തിൽ സ്വീകരണം നൽകി.

ആരുടെയും അപേക്ഷയ്ക്ക് കാത്തുനിൽക്കാതെയാണ് ചേർത്തല അർത്തുങ്കൽ ഭാഗത്തുനിന്നുള്ള മത്സ്യത്തൊഴിലാളികൾ പറവൂർ, കോട്ടപ്പുറം, ഗോതുരുത്ത് മേഖലകളിൽ എത്തി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെട്ടത്.

85 വള്ളങ്ങളിലായി 3,682 പേരെ ഇവർ സുരക്ഷിത സ്ഥാനങ്ങളിലെത്തിച്ചു. രക്ഷിച്ച ആളുകളെ കാണാൻ കോട്ടപ്പുറം സെന്റ് മൈക്കിൾസ് കത്തീഡ്രലിലെ ക്യാമ്പിലെത്തിയ സംഘത്തെ കൊച്ചിൻ കോളേജ് അലുംനി അസോസിയേഷൻ ബാക്ക് ടു ഹോം കിറ്റുകൾ നൽകിയാണ് ആദരിച്ചത്.

സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി ജാക്സൻ പൊള്ളയിലിനെയും ജില്ലാ പ്രസിഡന്റ് രാജുവിനെയും ജില്ല സെക്രട്ടറി ആന്റണി കുരിശിങ്കലിനെയും കൊച്ചിൻ കോളേജ് അലുംനി അസോസിയേഷൻ ജന. സെക്രട്ടറി ടി.പി. സലിം കുമാർ പൊന്നാടയണിയിച്ച് ആദരിച്ചു. തുടർന്ന് മറ്റുതൊഴിലാളികളെയും ആദരിച്ചു. സെക്രട്ടറിമാരായ അനിത തോമസ്, വി.കെ. സജീവ്, എന്നിവരും, കമ്മറ്റിയംഗങ്ങളായ പി.എസ്. പ്രദിത്ത്, ജനീഷ് പിള്ള, ബാബു നവാസ്, വിനയ് ഗോപാൽ, അലക്സാണ്ടർ ഷാജു എന്നിവരും നേതൃത്വം നൽകി.



**പ്രളയജലത്തിൽ കുടുങ്ങിയവരെ രക്ഷിച്ച മത്സ്യത്തൊഴിലാളികൾക്ക് കൊച്ചിൻ കോളേജ് അലുംനി അസോസിയേഷന്റെ ആഭിമുഖ്യത്തിൽ സ്വീകരണം നൽകിയപ്പോൾ.**